| | ഇറക്കുമതി ചെയ്ത തോട്ടണ്ടി | ആഭ്യന്തര വിപണിയിൽ നിന്നും സംഭരിച്ചവ |
|---|---|---|
| കശുവണ്ടി വികസന കോർപ്പറേഷൻ | 13784 മെട്രിക് ടൺ | 1238 മെട്രിക് ടൺ |
| കാപ്പെക്സ് | 1426.036 മെ.ടൺ | 1780.923 മെ.ടൺ |

(സി) കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളിൽ 1998 കലണ്ടർ വർഷത്തിൽ 80 ദിവസവും 1999-ൽ ഇതുവരെ 50 ദിവസവും തൊഴിൽ നൽകി.

## കാപ്പെക്സ്, കൊല്ലം

41 (2097)ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-98 കാലയളവിൽ കൊല്ലം കാപ്പെക്സിലേയ്ക്ക് 24 കോടിയോളം രൂപ ധനസഹായമായി സർക്കാർ നൽകിയിട്ടുണ്ടോ; എങ്കിൽ നൂറു ദിവസംപോലും ജോലി നൽകാൻ കഴിയാതെ പോയ മാനേജ്മെന്റിന്റെ വീഴ്ചകളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുമോ;

(ബി) കട്ടിംഗ് ടെസ്റ്റ് നിലവാരം നിശ്ചയിച്ച് വാങ്ങിയ തോട്ടണ്ടി സംസ്ക്കരിച്ചപ്പോൾ മേൻമ കുറഞ്ഞതായി കണ്ടിരുന്നോ; എങ്കിൽ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ശ്രീ. എൻ.കെ. മോഹനൻ മാനേജിംഗ് ഡയറക്ടറായിരിക്കെ ഔദ്യോഗിക വസതിയുടെ വാടക കാപ്പെക്സ് നൽകിയിട്ടുണ്ടോ; ഈ കാലഘട്ടത്തിൽ അദ്ദേഹം വീട്ടുവാടക അലവൻസ് കൈപ്പറ്റിയിരുന്നുവെങ്കിൽ അത് തിരിച്ചു പിടിക്കാൻ നടപടികളെടുക്കുമോ;

(ഡി) കാപ്പെക്സിന്റെ ഹെഡ്കോർട്ടേഴ്സ് കൊല്ലം ആയിരിക്കേ മാനേജിംഗ് ഡയറക്ടർ ശ്രീ. എൻ.കെ. മോഹനൻ തിരുവനന്തപുരത്ത് താമസിക്കുന്നതിന് അനുവദിച്ചിട്ടുണ്ടോ; കൊല്ലത്ത് നിന്നും തിരുവനന്തപുരത്തേയ്ക്ക് ഒദ്യോഗികയാത്ര നടത്തിയ ഇനത്തിൽ വാങ്ങിയ തുകയെത്ര എന്ന് മാസംതിരിച്ച് വ്യക്തമാക്കുമോ;

(ഇ) 1996-98 കാലയളവിലെ ക്രമക്കേടുകളെക്കുറിച്ചുള്ള അന്വേഷണറിപ്പോർട്ടുകളിൽ ഏതെങ്കിലും ഫൈനലൈസ് ചെയ്തിട്ടുണ്ടോ; വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1996-98 കാലയളവിൽ കാപ്പെക്സിലേയ്ക്ക് 18.12 കോടി രൂപയാണ് നൽകിയിട്ടുള്ളത്. 1996-98 കലണ്ടർ വർഷത്തിൽ മൊത്തം 161 ദിവസം ജോലി നൽകിയിട്ടുണ്ട്.

(ബി) തോട്ടണ്ടി 10 മെട്രിക് ടൺ (ഒരു ലോഡ്) കശുവണ്ടിയിൽ നിന്നും ഒരു കിലോഗ്രാം തോട്ടണ്ടിയാണ് സാമ്പിളിന് എടുക്കുന്നത്. ടി തോട്ടണ്ടി സംസ്ക്കരിക്കുമ്പോൾ ചിലപ്പോൾ ഔടേൺ ചെറിയ വ്യത്യാസ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ കൂടുകയോ കുറയുകയോ ചെയ്യാം. ആയതിനാൽ വലിയ നഷ്ടം സംഭവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഔദ്യോഗിക വസതിയുടെ വാടക കാപ്പെക്സ് നൽകിയിട്ടുണ്ട്. ടി കാലയളവിൽ വീട്ടുവാടക അലവൻസ് കൈപ്പറ്റിയിരുന്നത് കാപ്പെക്സിൽ തിരിച്ചടച്ചിട്ടുണ്ട്.

(ഡി) ഗവൺമെന്റിൽ നിന്നും പ്രത്യേക അനുമതിയില്ലായിരുന്നു. എന്നാൽ കാപ്പെക്സിന്റെ ചെയർമാൻ ഉൾപ്പെടെ ഉള്ള ഭരണസമിതി അംഗങ്ങളുടെ അറിവോടെയാണ് എം.ഡി. തിരുവനന്തപുരത്ത് വാടകയ്ക്ക് താമസിച്ചത്. കൊല്ലത്തു നിന്നും തിരുവനന്തപുരത്തേയ്ക്ക് ഔദ്യോഗികയാത്ര നടത്തിയ ഇനത്തിൽ വാങ്ങിയ തുക മാസം തിരിച്ച് താഴെ ചേർക്കുന്നു.

| | |
|---|---|
| റ്റി.എ.ബിൽ 26.2.96 മുതൽ 31.3.96 വരെ | രൂപ 4569.00 |
| 4/96 | 3811.00 |
| 5/96 | 4783.00 |
| 6/96 | 2936.00 |
| 7/96 - 8/96 | 7830.00 |
| 9/96 | 3654.00 |
| 10/96 | 4692.00 |
| 11/96 | 3950.00 |
| 12/96 | 4284.00 |
| 1/97 | 4416.00 |
| 2/97 | 2830.00 |
| 3/97 | 3834.00 |
| 4/97 | 3566.00 |
| 5/97 | 4936.00 |
| 6/97 | 3889.00 |
| 7/97 | 2748.00 |
| 8/97 - 9/97 | 4154.00 |
| 10/97 | 3106.00 |
| 11/97 | 4540.00 |
| 12/97 | 2866.00 |
| 1/98 | 4328.00 |
| 2/98 | 4270.00 |
| 3/98 | 3348.00 |
| 4/98 | 1848.00 |
| 5/98 | 2814.00 |

(ഇ) ഫൈനലൈസ് ചെയ്തിട്ടില്ല. ധനകാര്യ വകുപ്പ് ഇതിനായി ഒരു അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. അന്വേഷണം പൂർത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly